*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

202nd Issue - Volume 5, No.36 **ജാഗ്രത** 16th September 2011

" അന്തച്ഛിദ്രമുള്ള ഏതു രാജ്യവും നശിച്ചുപോകും. അന്തച്ഛിദ്രമുള്ള നഗരമോ ഭവനമോ നിലനില്ക്കുകയില്ല."

(മത്തായി 12: 25-26)



St. Robert Bellarmine

## പ്രധാന വാർത്തകൾ

വിശുദ്ധ കുർബ്ബാന സാമൂഹ്യതിന്മകൾക്കു പരിഹാരം തേടാൻ പര്യാപ്തമാക്കും. പരിശുദ്ധ പിതാവ്.

---

അക്രമത്തെ പ്രശ്നപരിഹാരമാക്കുന്നതിനെ തിരസ്കരിക്കുക; ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ

---

ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്തിൽ അവിടുത്തെ കത്തോലിക്കാ സഭ വഹിക്കുന്ന പങ്കിനെ അഭിനന്ദിച്ചു.

---

മാന്നാറിന്റെ കരവിരുതിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വെങ്കലപ്രതിമ

---

മക്കൾ ധാർമികതയിൽ വളരണമെങ്കിൽ കുടുംബങ്ങളിൽ വിശുദ്ധിയുണ്ടാകണം: മാർ ജോർജ് ആലഞ്ചേരി

---

അച്ചടക്കമുളള നവസമൂഹ സൃഷ്ടിക്കായി അധ്യാപകർ കർമനിരതരാകണം: മാർ ജോസഫ് പെരുന്തോട്ടം

---

യുവജനങ്ങളുടെ കഴിവ് സമൂഹത്തിന്റെ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തണം: മാർ റാഫേൽ തട്ടിൽ

---

വിശുദ്ധ ഡോൺബോസ്കോയുടെ തിരുശേഷിപ്പ് 23 മുതൽ കേരളത്തിൽ

## ജാഗ്രതാ വാർത്ത

സംസ്ഥാനത്ത് 13,564 പ്ലസ് വൺ സീറ്റുകളിൽ പഠിക്കാൻ വിദ്യാർഥികളില്ല.

## ചരിത്ര ജാഗ്രത

ഡോ. ഹെർമൻ ഗുണ്ടർട്ട്

## വാരാന്ത്യവീക്ഷണം

കേരളംഅപകടകരമായ അക്രമണോത്സുകതയിലേക്കോ?

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS

## വിശുദ്ധ കുർബ്ബാന സാമൂഹ്യതിന്മകൾക്കു പരിഹാരം തേടാൻ പര്യാപ്തമാക്കും. പരിശുദ്ധ പിതാവ്.

---

വിശുദ്ധ കുർബ്ബാന സാമൂഹ്യതിന്മകൾക്കു പരിഹാരം തേടാൻ പര്യാപ്തമാക്കും എന്ന് പരിശുദ്ധ പിതാവ് വ്യക്തമാക്കി. ഇറ്റലിയിലെ അങ്കോണയിൽ 25-മതു ദേശീയ ദിവ്യകാരുണ്യകോൺഗ്രസിൽ വിശുദ്ധ കുർബ്ബാന വ്യക്തി കേന്ദ്രീകൃത സാമൂഹ്യവികസനത്തിന്റെ താക്കോൽ ആയി ചൂണ്ടിക്കാട്ടുകയായിരുന്നു പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ. ദിവ്യകാരുണ്യകോൺഗ്രസിന്റെ സമാപനത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു സന്ദേശം നല്കുകയായിരുന്നു പിതാവ്.

"വി.കുർബ്ബാനാധിഷ്ടിത അദ്ധ്യാത്മികത(Eucharistic Spirituality) വ്യക്ത്യാധിഷ്ടിത നിലപാടുകൾക്കും ഈഗോയിസ(Egoism)ത്തിനും പ്രതിവിധിയാണ്". "വിശുദ്ധ കുർബ്ബാനയിൽ നിന്നും ഉദ്ഭൂതമാകുന്നതാണ് പാവങ്ങളെയും, രോഗികളെയും, ആവശ്യങ്ങളിൽ കഴിയുന്നവരെയും സഹായിക്കുകയെന്നത് സാമൂഹ്യവികസനത്തിന്റെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ടിക്കുന്ന സമൂഹത്തിലെ ഉത്തരവാദിത്വബോധം". പരിശുദ്ധ പിതാവ് വ്യക്തമാക്കി.

"വി.കുർബ്ബാനക്കുമുമ്പിൽ മുട്ടുകുത്തുന്നവർക്കും കർത്താവിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുന്നവർക്കും അവർ അനുദിനം കണ്ടുമുട്ടുന്ന മനുഷ്യോചിതമല്ലാത്ത സാഹചര്യങ്ങളിൽ കഴിയുന്നവരെ ശ്രദ്ധിക്കാതിരിക്കാനോ, ആവശ്യങ്ങളിൽ കഴിയുന്നവർക്കു സഹായമെത്തിക്കുന്നതിൽ നിന്നും വിട്ടു നില്ക്കാനോ, തങ്ങളുടെ ഭക്ഷ്ണം വിശക്കുന്നവരുമായി പങ്കുവയ്ക്കാതിരിക്കുന്നതിനോ, കുടിവെള്ളം ദാഹിക്കുന്നവനു നല്കാതിരിക്കുന്നതിനോ, വസ്ത്രമില്ലാത്തവർക്കു വസ്ത്രം നല്കാതിരിക്കുന്നതിനോ, രോഗികളെയും തടവുകാരേയും സന്ദർശിക്കാതിരിക്കുന്നതിനോ കഴിയുകയില്ല". വി.കുർബ്ബാനയുടെ സാമൂഹികമാനം വിശദമാക്കി ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ പഠിപ്പിച്ചു.

## അക്രമത്തെ പ്രശ്നപരിഹാരമാക്കുന്നതിനെ തിരസ്കരിക്കുക; ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ

---

"അക്രമത്തിലൂടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനുള്ള നീക്കം രാഷ്ട്രങ്ങളും ജനങ്ങളും ഉപേക്ഷിക്കണമെന്ന്" പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ ആഹ്വാനം ചെയ്തു. "വിദ്വേഷം നല്കുന്ന പ്രചോദനങ്ങളെ അതിജീവിക്കാനും സഹവർത്തിത്വത്തിന്റെയും, നീതിയുടെയും സമാധാനത്തിന്റെയും തത്വങ്ങളിൽ നിന്നും പ്രചോതനം സ്വീകരിച്ചു സമൂഹത്തിൽ വ്യാപരിക്കാനും" പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തു. അമേരിക്കയിലെ ന്യൂയോർക്കിൽ ലോകവ്യാപാരകേന്ദ്രം തീവ്രവാദികൾ നശിപ്പിച്ചതിന്റെ പത്താം വാർഷികം അനുസ്മരിച്ചുകൊണ്ടു സന്ദേശം നല്കുകയായിരുന്നു പരിശുദ്ധ പിതാവ് .

## ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ വിദ്യാഭ്യാസരംഗത്ത് ഇന്ത്യയിലെ കത്തോലിക്കാ സഭ വഹിക്കുന്ന പങ്കിനെ അഭിനന്ദിച്ചു.

---

ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്തിൽ അവിടുത്തെ കത്തോലിക്കാ സഭ വഹിക്കുന്ന പങ്കിനെ അഭിനന്ദിച്ചു. ഇൻഡ്യയിലെ ക്രൈസ്തവസമൂഹത്തിനുമാത്രമല്ല എല്ലാ മതസമൂഹത്തിൽപ്പെട്ടവർക്കും തങ്ങളുടെ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ സുസ്ഥിതി പ്രദാനം ചെയ്യുന്ന വിലമതിക്കാത്ത ശുശ്രൂഷയാണ് കത്തോലിക്കാ സഭ ചെയ്യുന്നതെന്ന് പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ അനുസ്മരിച്ചു. "ഈ സ്ഥാപനങ്ങൾ ധാർമ്മികവും ബൗദ്ധികവുമായ ബോധനം നല്കികൊണ്ട് നീതിപൂർവ്വകവും സമ്പന്നവുമായ ഒരു സാമൂഹ്യസൃഷ്ടിക്കിടയാക്കുന്നു". അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യയിലെ ബോംബെ, ഗോവ, നാഗ്പൂർ, ഡാമൻ, ഗാന്ധിനഗർ, ബാംഗ്ലൂർ രൂപതകളിലെ മെത്രാന്മാരുടെ ആദ്‌ലീമിന(Ad Limina) സന്ദർശനവേളയിൽ നല്കിയ സന്ദേശത്തിലാണ് ഇക്കാര്യം പരിശുദ്ധ പിതാവ് വ്യക്തമാക്കിയത്. ഗുണനിലവാരമുള്ള ക്രൈസ്തവമായ വിദ്യാഭ്യാസം ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ തുടർന്നും നല്കാൻ ശ്രദ്ധയുള്ളവരായിരിക്കാൻ പരിശുദ്ധ പിതാവ് മെത്രാന്മാരേ ആഹ്വാനം ചെയ്തു.

"ഉത്തമ സാമൂഹ്യ സൃഷ്ടിക്കുതകുന്നതും ആത്മരക്ഷക്കുപകരിക്കുന്നതുമായ സത്യങ്ങളും മൂല്യങ്ങളും സ്വന്തമാക്കാൻ ഈ വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ വിദ്യാർത്ഥികൾക്കു കഴിയണം". ഒപ്പം "ആദരവോടും ദൃഡമായും സത്യങ്ങൾ അവതരിപ്പിക്കാൻ അദ്ധ്യാപകരെ പരിശീലിപ്പിക്കണം". പരിശുദ്ധ പിതാവ് പറഞ്ഞു.

## മാന്നാറിന്റെ കരവിരുതിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വെങ്കലപ്രതിമ

---

വെങ്കലത്തിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച് മാന്നാറിന്റെ കരവിരുതിനെ ലോകരാജ്യങ്ങളിൽവരെ എത്തിച്ച ശില്പികളുടെ ചാരുത ഇനി തൃശൂർ പുത്തൻ പള്ളിയിൽ. അന്തരിച്ച ജോൺപോൾ രണ്ടാമൻ

മാർപാപ്പയുടെ വെങ്കല പ്രതിമ നിർമിച്ചാണ് ഇത്തവണ മാന്നാറിന്റെ കരവിരുത് വീണ്ടും തെളിയിച്ചത്. പ്രശസ്ത വെങ്കല പ്രതിമ നിർമാതാക്കളായ പിആർഎം ലക്ഷ്മണ അയ്യരുടെ ആലയിൽ മൂന്നടി ഉയരത്തിൽ ഇരുന്നൂറ് കിലോയോളം തൂക്കത്തിലാണ് പ്രതിമ രൂപപ്പെടുത്തിയത്. തൃശൂർ സ്വദേശിയും ചിത്രകാരിയുമായ, ജോൺബേബിയുടെ ഭാര്യ മിനിയുടെ കരവിരുതിലാണ് പ്രതിമ രൂപപ്പെട്ടത്. ലണ്ടൻ മ്യൂസിയത്തിലെ കൂറ്റൻ വാർപ്പും നിരവധി ദേവായലങ്ങളിലെ കൂറ്റൻ മണികളും വിളക്കുകളും നിയമസഭാ മന്ദിരത്തിലെ സർക്കാർ മുദ്രയും മറ്റും നിർമിച്ച് ശ്രദ്ധനേടിയ മാന്നാറിലെ വെങ്കല ശിലിപികൾക്ക് ജോൺപോൾ രണ്ടാമന്റെ പ്രതിമനിർമാണം ക്ലേശകരമായ ജോലിയായിരുന്നു. അഞ്ച് തൊഴിലാളികളുടെ മൂന്ന് മാസത്തെ കഠിന പ്രയത്നത്തിൽനിന്നു മാണ് പ്രതിമ രൂപപ്പെട്ടത്. പ്രത്യേക പ്രാർഥകൾക്ക് ശേഷമാണ് നിർമാണം ആരംഭിച്ചത്. മണ്ണു കൊണ്ട് ഉൾക്കരു ഉണ്ടാക്കുകയാണ് ആദ്യമായി ചെയ്തത്. തുടർന്ന് പശ കലർന്ന ചെളി ഉപയോഗിച്ച് പല പാളികളായി കരു പിടിക്കും. ഒരോ പാളികളും ഉണക്കിയാണ് കരുപിടി ക്കുന്നത്. ഉൾക്കരു പൂർത്തിയായപ്പോൾ മെഴുകിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ പ്രതിമ രൂപകൽപ്പന ചെയ്തു. വളരെ സൂക്ഷ്മതയോടെ ഏറെ പ്രയാസപ്പെട്ടാണ് മെഴുകിൽ രൂപകൽപ്പന ചെയ്തത്. തുടർന്ന് വീണ്ടും ഇത് ചെളി കൊണ്ട് പൊതിയും. അകവും പുറവുമുള്ള കരു ശരിക്കും ഉണങ്ങി ക്കഴിഞ്ഞാൽ ചൂളയിൽവച്ച് മെഴുക് ഉരുക്കി കളയും. ഈ ഭാഗത്ത് വളരെ ഉയർന്ന ഊഷ്മാവിൽ ഉരുക്കിയ വെങ്കലം ഒഴിക്കും. ഇത് തണുത്താണ് പ്രതിമ രൂപപ്പെടുന്നത്. ഇത് പിന്നീട് മിനുക്കി ഭംഗിയേറുന്ന പ്രതിമ യാക്കി മാറ്റും. കഴിഞ്ഞ ദിവസമാണ് പാപ്പായുടെ പ്രതിമ തൃശൂരിലേക്ക് കൊണ്ടുപോയത്. മാന്നാറിന്റെ കരവിരുതിൽ ചിത്രകാരി മിനിയുടെ രൂപകല്പനയിൽ പിറവിയെടുത്ത ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വെങ്കല പ്രതിമ ഇനി തൃശൂർ പുത്തൻ പള്ളിയിൽ വിശ്വാസികൾക്ക് അനുഗ്രഹം വർഷിക്കും

## മക്കൾ ധാർമികതയിൽ വളരണമെങ്കിൽ കുടുംബങ്ങളിൽ വിശുദ്ധിയുണ്ടാകണം: മാർ ജോർജ് ആലഞ്ചേരി



മക്കളെ സന്മാർഗജീവിതത്തിൽ വളർത്തിക്കൊണ്ടുവരാൻ മാതാപിതാക്കൾ ജാഗരൂകരാകണമെന്ന് മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി. ഇടവക മധ്യസ്ഥയായ പരിശുദ്ധ കന്യകാ മറിയത്തിന്റെ ജനനതിരുനാൾ ആഘോഷിക്കുന്ന മരിയൻ തീർഥകേന്ദ്രമായ ചാലക്കുടി സെന്റ് മേരീസ് ദേവാലയത്തിൽ നൽകിയ ഊഷ്മളമായ സ്വീകരണത്തിനുള്ള മറുപടി പ്രസംഗം നടത്തുകയായിരുന്നു മേജർ ആർച്ച്ബിഷപ്. വിദേശരാജ്യങ്ങളിലും മറ്റും ജോലിക്കും പഠനത്തിനും പോകുന്ന മക്കൾ സന്മാർഗിക അധഃപതനത്തിൽ വീഴാവുന്ന സാഹചര്യമാണുള്ളതെന്നും മക്കൾ ധാർമികതയിൽ വളരണമെങ്കിൽ കുടുംബങ്ങളിൽ വിശുദ്ധയുണ്ടാകണമെന്നും ഭാവിതലമുറയെ ധനമായി കരുതണമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടനും രൂപതയുടെ പ്രഥമ ബിഷപ് മാർ ജെയിംസ് പഴയാറ്റിലും അദ്ദേഹത്തോ ടൊപ്പമുണ്ടായിരുന്നു. മേജർ ആർച്ച്ബിഷപിന്റെ പ്രേഷിത പ്രവർത്തന ഫണ്ടിലേക്ക് ഇടവകയുടെ ഉപഹാരമായ 50,000 രൂപ ട്രസ്റ്റിമാർ മാർ ജോർജ് ആലഞ്ചേരിയെ ഏല്പിച്ചു.ദേവാലയങ്കണത്തിൽ എത്തിച്ചേർന്ന മേജർ ആർച്ച്ബിഷപ്പിനെയും ബിഷപ്പുമാരെയും വികാരി ഫാ. ജോസ് മാളിയേക്കലിന്റെ നേതൃത്വത്തിൽ ഇടവക സമൂഹംസ്വീകരിച്ചു.

## അച്ചടക്കമുള്ള നവസമൂഹ സൃഷ്ടിക്കായി അധ്യാപകർ കർമനിരതരാകണം: മാർ ജോസഫ് പെരുന്തോട്ടം



വിദ്യാർഥികൾക്ക് മൂല്യബോധം പകർന്ന് അച്ചടക്കമുള്ള നവസമൂഹ സൃഷ്ടിക്കായി അധ്യാപകർ കർമ നിരതരാകണെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. അതിരൂപതാ കോർപറേറ്റ് മാനേജ്മെന്റ് അധ്യാപക സംഗമം പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്. വിദ്യാർഥികൾക്ക് ദർശനവും ദിശാബോധവും പകരാൻ ഓരോ അധ്യാപകനും കഴിയണമെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.

## യുവജനങ്ങളുടെ കഴിവ് സമൂഹത്തിന്റെ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തണം: മാർ റാഫേൽ തട്ടിൽ



യുവതലമുറയുടെ കഴിവും ആവേശവും സമൂഹത്തിന്റെ വളർച്ചയ്ക്കായി പ്രജോനപ്പെടുത്തണമെന്ന് അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പറഞ്ഞു. നിങ്ങളുടെ കഴിവുകൾ സമൂഹത്തെ ഇടിച്ചുതകർക്കാൻ ഉപയോഗിക്കരുത്. അത് യുവജനങ്ങളുടെ നാശത്തിന് കാരണമാകും. മാർ തട്ടിൽ ഓർമപ്പെടുത്തി. തൃശൂർ അതിരൂപത ശതോത്തര

രജതജൂബിലിയുടെ ഭാഗമായി പാലയൂർ ഫൊറോന ജീസസ് യൂത്ത് സംഘടിപ്പിച്ച യുവജന സംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

## വിശുദ്ധ ഡോൺബോസ്കോയുടെ തിരുശേഷിപ്പ് 23 മുതൽ കേരളത്തിൽ

യുവജനങ്ങളുടെ മധ്യസ്ഥനും സലേഷ്യൻ സന്യാസ സമൂഹത്തിന്റെ സ്ഥാപകനുമായ വിശുദ്ധ ഡോൺബോസ്കോയുടെ തിരുശേഷിപ്പ് 23-നു കേരളത്തിലെത്തിക്കും. വിശുദ്ധന്റെ രണ്ടാം ജന്മശതാബ്ദിയോടനുബന്ധിച്ചാണ് തിരുശേഷിപ്പ് എത്തിക്കുന്നത്. ഒക്ടോബർ 13 വരെ വിവിധ കേന്ദ്രങ്ങളിൽ തിരുശേഷിപ്പ് വണങ്ങാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. വലതുകരത്തിന്റെ തിരുശേഷിപ്പുമായുള്ള പേടകമാണ് കേരളത്തിലെത്തിക്കുന്നത്. ഇറ്റലിയിലെ ടൂറിനിൽനിന്ന് 2009 ജനുവരി 31ന് ആണു തിരുശേഷിപ്പ് വഹിച്ചുകൊണ്ടുള്ള പേടകത്തിന്റെ പര്യടനം ആരംഭിച്ചത്. കഴിഞ്ഞ ഏപ്രിലിൽ ഇന്ത്യയിലെത്തി. 23നു രാവിലെ ആറരയ്ക്കു കാസർഗോഡ് ജില്ലയിലെ രാജപുരം ഹോളി ഫാമിലി ഫൊറോന പള്ളിയിൽനിന്നാണ് കേരളത്തിലെ പര്യടനം ആരംഭിക്കുന്നത്. 30ന് എറണാകുളം ജില്ലയിലെ കിടങ്ങൂരുള്ള സലേഷ്യൻ സന്യാസിനികളുടെ സെന്ററിലെത്തിക്കുന്ന തിരുശേഷിപ്പ് ഒക്ടോബർ ഏഴുവരെ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പൊതുദർശനത്തിനു വയ്ക്കും. 13നു നെയ്യാറ്റിൻകരയിലാണ് തിരുശേഷിപ്പിന്റെ കേരളത്തിലെ പര്യടനത്തിന്റെ സമാപനം.

# ജാഗ്രതാ വാർത്ത

## സംസ്ഥാനത്ത് 13,564 പ്ലസ് വൺ സീറ്റുകളിൽ പഠിക്കാൻ വിദ്യാർഥികളില്ല.

സംസ്ഥാനത്ത് 13,564 പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു. ഈ സീറ്റുകളിൽ അഡ്മിഷൻ പൂർത്തിയാക്കാൻ ഇനി ഒരു അലോട്ട്മെന്റ് മാത്രമാണ് ശേഷിക്കുന്നത്. ഇതിനുള്ള അപേക്ഷകൾ ഈ മാസം 12,13,14 തിയതികളിലാണ് സ്വീകരിക്കുന്നത്. എന്നാൽ ഈ അലോട്ട്മെന്റ് കൊണ്ടൊന്നും ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകളുടെ നാലിലൊന്ന് പോലും തികയ്ക്കാൻ കഴിയില്ലെന്നാണു വിലയിരുത്തപ്പെടുന്നത്.

പുതിയതായി പ്ലസ് വൺ ബാച്ചുകൾ ആവശ്യപ്പെട്ട സ്കൂളുകൾക്കെല്ലാം വാരിക്കോരി സീറ്റുകൾ നൽകിയതാണ് ഹയർസെക്കൻജറി മേഖലയിൽ ഈ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത്.

മലപ്പുറം ജില്ലയിലാണ് ഇപ്പോൾ ഏറ്റവും കുടുതൽ സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നത്. 2125 എണ്ണം . തിരുവനന്തപുരം-75, കൊല്ലം-1475, പത്തനംതിട്ട-537, ആലപ്പുഴ-1804, കോട്ടയം-257, ഇടുക്കി-872, എറണാകുളം-242, തൃശൂർ-1310, പാലക്കാട്-1574, കോഴിക്കോട്-1109, വയനാട്-72, കണ്ണൂർ-1300, കാസർകോഡ്-812 എന്നിങ്ങനെയാണ് ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകളുടെ കണക്കുകൾ.

എട്ട് ജില്ലകളിലെ വിദ്യാഭ്യാസ സൗകര്യങ്ങളിലെ പിന്നോക്കാവസ്ഥ പരിഗണിച്ച് പുതിയ ബാച്ചുകൾ അനുവദിച്ചത് മാനദണ്ഡങ്ങൾ പാലിക്കാതെയാണെന്ന് നേരത്തെ തന്നെ ആക്ഷേപം ഉയർന്നിരുന്നു. ഇത് സാധൂകരിക്കുന്നതാണ് ഇപ്പോൾ ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകളുടെ എണ്ണം. കഴിഞ്ഞ ആഗസ്റ്റ് നാലിന് 551 പ്ലസ് വൺ ബാച്ചുകളാണ് പുതിയതായി അനുവദിച്ചത്.

ഏകദേശം 27,550 സീറ്റുകൾ, ആദ്യം 335 സ്കൂളുകൾക്ക് അധിക ബാച്ച് അനുവദിക്കാനാണ് സർക്കാർ തീരുമാനിച്ചതെങ്കിലും എൻ.എസ്.എസ്സിന്റെ ആവശ്യം പരിഗണിച്ചാണു ബാച്ചുകളുടെ എണ്ണം 551 ആയി ഉയർത്തിയത്.

നേരത്തെ എയ്ഡഡ് വിഭാഗത്തിൽ 2,10,547 ഉം മാനേജ്മെന്റ് ക്വാട്ടയിൽ 47,270 ഉം അൺ എയ്ഡഡ് വിഭാഗത്തിൽ 64,450 ഉം ഉൾപ്പെടെ 3,22,267 സീറ്റുകളാണ് സംസ്ഥാനത്ത് പ്ലസ് വണ്ണിന് ഉണ്ടായിരുന്നത്. അതേ സമയം, 25 കുട്ടികളെങ്കിലും ഇല്ലാത്ത പുതിയ ബാച്ചുകൾ നിർത്തലാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇങ്ങനെ വരുമ്പോൾ ഏകദേശം 50 ലധികം സ്കൂളുകൾക്ക് ബാച്ചുകൾ ഇല്ലാതാകാൻ സാധ്യതയുണ്ട്. അവസാന നിമിഷം ബാച്ചുകൾ നിർത്തലാക്കിയാൽ ഈ ബാച്ചിലെ എണ്ണത്തിൽ കുറവുള്ള കുട്ടികളുടെ തുടർ പഠനവും അനിശ്ചിതത്വത്തിലാകാനുള്ള സാധ്യതയും നിലവിലുണ്ട്. എന്നാൽ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിൽ കൂടുതലും സർക്കാർ സ്കൂളുകളിലാണ്. എയ്ഡഡ് സ്കൂളുകൾ പലതും വിദ്യാർത്ഥികളെ ചേർത്തു കഴിഞ്ഞു. ഈ സാഹചര്യത്തിൽ ബാച്ചുകൾ റദ്ദ് ചെയ്യുന്ന നടപടി ഏറ്റവും കൂടുതൽ ബാധിക്കുന്നത് സർക്കാർ സ്കൂളുകളിലെ പാവപ്പെട്ട വിദ്യാർത്ഥികളെയായിരിക്കും.

സുധീർ കെ ചന്ദനത്തോപ്പ് (തേജസ്-12/9/11)

# ഡോ. ഹെർമൻ ഗുണ്ടർട്ട്

1814-ൽ സ്റ്റുട്ഗർട്ടിൽ ജനിച്ചു. അമ്മ: ക്രിസ്റ്റ്യാനാ എൻസ്ലിൻ. അച്ഛൻ: ലുഡ്‌വിഗ് ഗുണ്ടർട്ട്. ബ്രിട്ടീഷ് ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തകൻ. ഗുണ്ടർട്ട് ജനിച്ച ഭവനം രണ്ടാം ലോകമഹായുദ്ധകാലത്ത് നാമാവശേഷമായി. കുടുംബം കടുത്ത ദാരിദ്ര്യം അനുഭവിച്ചു.

ഹെർമൻ ഗുണ്ടർട്ടിന്റെ പ്രാഥമിക വിദ്യാഭ്യാസം സ്റ്റുട്ഗർട്ടിലെ ലത്തീൻ സ്കൂളിലായിരുന്നു. 13-ാമത്തെ വയസ്സിൽ മൗൾ ബ്രൗൺ വിദ്യാലയത്തിൽ ചേർന്നു. ഹീബ്രു, ലീറ്റിൻ, ഇംഗ്ലീഷ്, ഫ്രഞ്ച് എന്നീ ഭാഷകൾ പഠിച്ചു. ഗുണ്ടർട്ടിന്റെ സംഗീതവാസന പോഷിപ്പിക്കാനും മതപ്രചരണത്തിന് പ്രോത്സാഹനം നല്കുന്ന വിധത്തിലായിരുന്നു അവിടത്തെ വിദ്യാഭ്യാസം. 1835-ൽ ഇരുപത്തൊന്നാം വയസ്സിൽ ഹെർമൻ ഗുണ്ടർട്ട് വേദാന്തത്തിലും, ഭാഷാശാസ്ത്രത്തിലും ഡോക്ടറേറ്റ് നേടി.

പിതാവ് ലുഡ്‌വിഗ് ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തകനായതുകൊണ്ട് ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തകരായ വിദേശികൾ ജർമ്മനിയിൽ വരുമ്പോൾ ലുഡ്‌വിഗിന്റെ ഭവനം സന്ദർശിക്കുമായിരുന്നു. ലുഡ്‌വിഗ് മതസംബന്ധമായ ഗ്രന്ഥങ്ങൾ രചിക്കുകയും, പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പിതാവിന്റെ മിഷനറിപ്രവർത്തനങ്ങളും ബാല്യം മുതൽ തന്നെ ഹെർമൻ ഗുണ്ടർട്ടിന്റെ വ്യക്തിത്വ വികസനത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്.

തമിഴ്നാട്ടിൽ പ്രവർത്തനകാലത്ത് അദ്ദേഹത്തിനുണ്ടായ ഒരു അനുഭവം അദ്ദേഹം രേഖപ്പെടുത്തുകയുണ്ടായി. “ഈ സായാഹ്നം അവിസ്മരണീയമാണ്. ബംഗ്ലാവിന്റെ മുമ്പിലുള്ള ആൽമരം ഞാൻ ഇന്ത്യയിൽ കണ്ടവയിൽ ഏറ്റവും വലുതാണ്. അതിന്റെ എണ്ണമറ്റ വേരുകളും ശാഖകളും അന്യോന്യം പടർന്നു പന്തലിച്ചിരിക്കുന്നു. രാത്രിയുടെ നിശ്ശബ്ദത, ഇളംതെന്നൽ, തിളങ്ങുന്ന നക്ഷത്രങ്ങൾ ഇവയെല്ലാം എന്നെ ഇവിടെ എത്തിച്ച ദൈവത്തിനു നന്ദി പറയാൻ പ്രചോദിപ്പിക്കുന്നു. നമ്മുടെ ജീവിതപാതയിൽ ഇത്തരം മുഹൂർത്തങ്ങൾ ആവശ്യമാണ്. അവിടെ എത്തി നില്ക്കുമ്പോൾ ദൈവം നമ്മുടെ ഉത്ക്കണ്ഠകളും അസ്വസ്ഥതകളും നിറഞ്ഞ ചിന്താഭാരങ്ങൾ യേശുക്രിസ്തുവിന്റെ വിശാല ഹൃദയത്തിലേക്ക് ഒഴിവാക്കുന്നു...”

മലയാളത്തിലെ ആദ്യത്തെ പാഠപുസ്തകം ഗുണ്ടർട്ട് എഴുതിയുണ്ടാക്കിയ ‘പദ്യമാലയാണ്’. അദ്ദേഹത്തിന്റെ രാജ്യസമാചാരം ക്രിസ്തുമതത്തെപ്പറ്റിയും ബാസൽമിഷൻ പ്രവർത്തനങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നതായിരുന്നു. അക്കാലത്ത് ഗുണ്ടർട്ട് ബൈബിൾ പഴയനിയമവും പുതിയനിയമവും മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തി.

ഒരിക്കൽ ഗുണ്ടർട്ട് ഇങ്ങനെ പറഞ്ഞു: “സ്വർഗ്ഗത്തിൽ വച്ചും ഓരോ പുതിയഭാഷ പഠിക്കുവാൻ എനിക്ക് അവസരം കിട്ടിയാൽ എന്തൊരു സന്തോഷമായിരിക്കും”. അദ്ദേഹത്തെ ‘പറുദീസയിലെ ഭാഷാപണ്ഡിതൻ’ എന്നു വിശേഷിപ്പിക്കുന്നു.

ഗുണ്ടർട്ടിന്റെ കൃതികൾ -ക്രിസ്റ്റ്യാനെയുടെ ഓർമ്മ തുടങ്ങി കേരളോല്പത്തി വരെയുള്ള 26 പുസ്തകങ്ങൾ ഗുണ്ടർട്ടിന്റെ കൃതികളെ പറ്റിയും ഗുണ്ടർട്ടിന്റെ വ്യാകരണത്തെപ്പറ്റിയും ഒരുപാടു കാര്യങ്ങൾ വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കേരളപ്പഴമയും, മലയാളരാജ്യവുമൊക്കെ വളരെ പ്രസിദ്ധമാണ്. ഗുണ്ടർട്ടിന്റെ കൃതികളിൽ പ്രധാനപ്പെട്ട ഒന്നാണ് ‘പഴഞ്ചൊൽമാല’.

* “ദരിദ്രയായ കൈരളിക്ക് എന്തൊരു മഹാനിധിയാണ് ആ യൂറോപ്യൻ പണ്ഡിതൻ നേടി വച്ചിരിക്കുന്നതെന്നു നോക്കുക. എഴുത്തച്ഛന്റെയും കുഞ്ചൻ നമ്പ്യാരുടെയും കാലശേഷം നിരുന്മേഷയായിരുന്ന മലയാളഭാഷയിലേയ്ക്ക് അഭിനവമായ പ്രതീക്ഷയോടെ കടന്നുവരുവാൻ ഗുണ്ടർട്ടിന്റെ കൃതികൾ മഹത്തായ പ്രചോദനം നല്കിയിരുന്നുവെന്ന വസ്തുത വിസ്മരിക്കത്തക്കതല്ല”. എന്ന് ഡോ. പി.ജെ. തോമസ് പ്രസ്താവിക്കുന്നു.

കോവുണ്ണി അദ്ദേഹത്തിന്റെ വ്യാകരണ ഗ്രന്ഥമായ കേരള കൗമുദിയുടെ അവതാരികയിൽ ഇങ്ങനെ പ്രകീർത്തിക്കുന്നു.

“ഗുണ്ടർട്ടെന്ന പ്രബലമതിമാനിട്ട നൂലൊട്ടു കൊള്ളാം;
ഗീവർഗ്ഗീസും പുനരൊരുതരം ചേർത്തതും നന്നു പാർത്താൽ;
ഗുണ്ടർട്ടിൻ നൂലുപരികലനം ചെയ്തിതഗ്ഗാർത്തുവെയ്റ്റും,
പൂർവന്മാരാമവരെയനുകൂലിപ്പിനാവോളമെല്ലാം”.

## കേരളം അപകടകരമായ അക്രമണോത്സുകതയിലേക്കോ?

സംഘര്‍ഷഭരിതമാണ് കേരളത്തിലെ സാമൂഹ്യഅന്തരീക്ഷം. ഈ സംഘര്‍ഷഭരിതമായ സാഹചര്യങ്ങള്‍ അക്രമത്തിലേക്കു വഴുതിപോകുന്നതും ശ്രദ്ധേയമാണ്. അങ്ങനെ അക്രമണോത്സുകത നമ്മുടെ സമൂഹത്തില്‍ ഏറിവരുകയും ചെയ്യുന്നു. പ്രശ്നപരിഹാരങ്ങള്‍ക്കു അക്രമമാണ് ഉത്തമ മാര്‍ഗ്ഗം എന്ന കാഴ്ചപ്പാടിലേക്ക് കാര്യങ്ങള്‍ എത്തിനില്ക്കുന്നതുപോലെ. ഈ സാമൂഹ്യ സാഹചര്യങ്ങള്‍ എല്ലാ വിധത്തിലും വിലയിരുത്തപ്പെടേണ്ടതാണ്; പരിഹാരങ്ങള്‍ കണ്ടെത്തേണ്ടതാണ്.

അക്രമത്തെ ആദര്‍ശവല്‍ക്കരിക്കുന്ന ഒരു സംസ്കാരത്തിലേക്ക് നാടിനെ നയിക്കാന്‍ അക്രമത്തെ മഹത്വീകരിക്കുന്ന പ്രത്യയശാസ്ത്രങ്ങള്‍ ശ്രമിക്കാറുണ്ട്. നമ്മുടെ നാട്ടിലും ഈ പ്രത്യയശാസ്ത്രത്തിന് അഴമേറിയ വേരുകളുണ്ട്. അതുകൊണ്ടു തന്നെ കേരള സംസ്കാരം അക്രമണോത്സുകത പ്രകടിപ്പിക്കുന്നു. എന്നാല്‍ അക്രമത്തെ തള്ളിക്കളയുന്ന പ്രത്യയശാസ്ത്രങ്ങള്‍ക്കും മറ്റും ഈ അക്രമണ പ്രവണതകളില്‍ കാര്യമായി ഇടപെടാന്‍ കഴിഞ്ഞിട്ടില്ല എന്നാണു കാണാന്‍ കഴിയുന്നത്.

അക്രമണോത്സുകത നമ്മുടെ സംസ്കാരത്തില്‍ത്തന്നെ കടന്നു കയറിയിരിക്കുന്നതുകൊണ്ട് ഏതെങ്കിലും കാര്യം നടക്കണമെങ്കില്‍ അക്രമണമുറകള്‍ തന്നെ സ്വീകരിക്കേണ്ടിവരുന്നു എന്ന സാഹചര്യവും സംജാതമായിട്ടുണ്ട്. വിദ്യാര്‍ത്ഥികള്‍ പോലും ഈ അക്രമമുറകളാണ് അവലംബിക്കുന്നത്. സമാധാന പൂര്‍വ്വകവും സൗമ്യവുമായുള്ള നീക്കങ്ങള്‍ക്കും യുക്തിഭദ്രമായ നിലപാടുകള്‍ക്കും ജനങ്ങളേയും സര്‍ക്കാരിനെയും സ്വാധീനിക്കാന്‍ കഴിയില്ല എന്ന കാഴ്ചപ്പാടില്‍പ്പോലും സാധാരണ ജനങ്ങള്‍ എത്തി നില്ക്കുന്നു. സ്വാശ്രയ പ്രൊഫഷണല്‍ വിദ്യാഭ്യാസ രംഗത്തെ നിലപാടുകള്‍ത്തന്നെ ഇക്കാര്യത്തില്‍ ഉദാഹരണമായി കാണാവുന്നതാണ്.

നിയമവാഴ്ചയുടെ ബലഹീനതയിലാണ് അക്രമണ പ്രവണതകള്‍ വളര്‍ന്നു വരിക. നിഷേധിക്കപ്പെടുന്ന നീതിയും താമസിച്ചു കിട്ടുന്ന നീതിന്യായ വ്യവസ്ഥയുടെ പരിഹാരമാര്‍ഗ്ഗങ്ങളും അക്രമണപ്രവണത വര്‍ദ്ധിപ്പിക്കാന്‍ ഇടയാക്കുന്നുണ്ട്. അതുകൊണ്ട് ഫലപ്രദവും കാര്യക്ഷമവുമായ നിയമവാഴ്ച ഉറപ്പാക്കുക തന്നെയാണ് അക്രമണോത്സുകത കുറയ്ക്കാന്‍ ആദ്യമായി ഉണ്ടാകേണ്ടത്. സൗമ്യവും സമാധാനപൂര്‍ണ്ണവും നീതിയുക്തവുമായ ഇടപെടലുകള്‍ ഫലദായകമാകുന്ന സാഹചര്യം ഇവിടെ ഉണ്ടാകുമ്പോള്‍ നമ്മുടെ അക്രമണോത്സുകമാകുന്ന സംസ്കാരത്തിനു മാറ്റമുണ്ടാകും. അക്രമങ്ങള്‍ പ്രത്യയശാസ്ത്രമായി കൊണ്ടു നടക്കുന്നവര്‍ പലപ്പോഴും ഈ നിലപാട് ഒളിപ്പിച്ചുവച്ച് സാമൂഹ്യപ്രശ്നങ്ങളില്‍ ഇടപെടാറുണ്ട്. എന്നാല്‍ പ്രതിസന്ധികളില്‍ അവരുടെ തനി നിറം പുറത്തുവരുകയും ചെയ്യും. അങ്ങനെയുള്ളവരെയും അക്രമത്തെ ആദര്‍ശമായി കൊണ്ടുനടക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും സാമൂഹ്യരംഗത്തു നിന്നും മാറ്റി നിര്‍ത്തുവാനും നമ്മള്‍ക്കു കഴിയണം. അപ്പോള്‍ അവരും അക്രമ വിരുദ്ധതയുടെ നിലപാടുകളിലേക്കു വരും. അങ്ങനെ വരാതെ നിലനില്പില്ല എന്ന സാഹചര്യവും സംജാതമാകും. അങ്ങനെ ഇപ്പോഴത്തെ അക്രമണ ഭരിതമായ സംസ്കാരത്തിനു ഒരു പ്രതിസംസ്കാരം നമ്മള്‍ക്കു സൃഷ്ടിക്കാന്‍ കഴിയും.

**റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പില്‍**

**"Jagratha News"** - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA